# KERALA POLICE INFORMATION CENTRE

No.113/PR/PIC/PHQ/18 Date : 30.04.2018

## ഡി.ജി.പി രാജേഷ് ദിവാന് ഫെയർവെൽ പരേഡ് നൽകി

ഇന്ന് (30.04.2018) വിരമിക്കുന്ന ഉത്തരമേഖല ഡി.ജി.പി രാജേഷ് ദിവാന് എസ്.എ.പി. പരേഡിൽ ഗ്രൗണ്ടിൽ പ്രൗഢഗംഭീരമായ ചടങ്ങിൽ ഔപചാരികമായ വിടവാങ്ങൽ പരേഡ് നൽകി. പരേഡിൽ ഡി.ജി.പി രാജേഷ് ദിവാൻ സല്യൂട്ട് സ്വീകരിച്ച് സേനാംഗങ്ങളെ അഭിസംബോധന ചെയ്തു. രാജ്യത്തെ മികച്ച പോലീസ് സേനയിൽ പ്രവർത്തിക്കാനായതിൽ അഭിമാനമുണ്ടെന്നും വിടവാങ്ങൽ പ്രസംഗത്തിൽ രാജേഷ് ദിവാൻ പറഞ്ഞു. വലിയ ജനസംഖ്യയുള്ള പല സംസ്ഥാനങ്ങളിലും രജിസ്റ്റർചെയ്യുന്നതിനെക്കാൾ കൂടുതൽ കേസുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതു വഴി കേരള പോലീസിന് ജനങ്ങൾക്ക് കൂടുതൽ നീതി നല്കാൻ കഴിയുന്നുണ്ട്. അതിനായി പോലീസിന് പലപ്പോഴും സങ്കീർണമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കേണ്ടിവരുന്നു. എന്നാൽ അത്തരം സങ്കീർണതകളെയും പരിമിതികളെയും സമൂഹം വേണ്ടത്ര തിരിച്ചറിയുന്നില്ല. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാൻ പോലീസ് സേനാംഗങ്ങൾ പ്രതിബദ്ധതയോടെ പ്രവർത്തിക്കണമെന്ന് പറയുമ്പോൾത്തന്നെ പോലീസ് സേനാംഗങ്ങൾക്കും മനുഷ്യാവകാശങ്ങളുണ്ടെന്നതും ഉളക്കൊള്ളണം. ആ പരിഗണന സമൂഹം പോലീസ് സേനാംഗങ്ങൾക്കും നല്കണമെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസരിച്ച് ജനസംഖ്യാനുപാതികമായി വേണ്ടതിലും വളരെ കുറവാണ് നമ്മുടെ പോലീസ് സ്റ്റേഷനുകളിലെ അംഗബലം. അതിനാൽ നമ്മുടെ നഗര - ഗ്രാമപ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിലെ അംഗസംഖ്യ വലിയ തോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. അത്തരത്തിൽ വർദ്ധിപ്പിച്ചാൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് നമ്മുടെ പോലീസ് സേനയെ എത്തിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. ഔദ്യോഗിക ചുമതല ഫലപ്രദമായി നിർവഹിക്കുന്നതിന് പൂർണപിന്തുണ നല്കിയ മുഖ്യമ

The contents of this document may be deemed to be based on received information which is subject to further verification

ന്ത്രിക്കും സർക്കാരിനും സഹപ്രവർത്തകർക്കും അദ്ദേഹം നന്ദി പറഞ്ഞു.

ഡിജിപിമാരായ ഡോ. നിർമ്മൽചന്ദ്ര അസ്താന, എ. ഹേമചന്ദ്രൻ, എൻ. ശങ്കർ റെഡ്ഡി, ബി.എസ്. മുഹമ്മദ് യാസിൻ, എഡിജിപിമാരായ ടോമിൻ ജെ തച്ചങ്കരി, സുധേഷ് കുമാർ, ഡോ. ബി. സന്ധ്യ, നിതിൻ അഗർവാൾ, ടി.കെ വിനോദ് കുമാർ, ഐജിമാരായ ദിനേന്ദ്രകശ്യപ്, പി. വിജയൻ, ഡി.ഐ.ജിമാരായ ജി. സ്പർജൻ കുമാർ, അനൂപ് കുരുവിള ജോൺ, പി.പ്രകാശ്, കെ.സേതുരാമൻ, കെ. ഷെഫിൻ അഹമ്മദ് മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

1986 ബാച്ച് കേരള കേഡർ ഐ.പി.എസ് ഉദ്യോഗസ്ഥനായ രാജേഷ് ദിവാൻ പ്രതാപ് സിംഗ് ദിവാന്റേയും പ്രതിഭാ ദിവാന്റേയും മകനായി ന്യൂഡൽഹിയിൽ 1958 ൽ ജനിച്ചു. ന്യൂഡൽഹി ആർമി പബ്ളിക് സ്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി തുടർന്ന് ഡൽഹി സർവ്വകലാശാലയിൽ നിന്നും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദം നേടി. ഔദ്യോഗിക ജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ കൊല്ലം, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ എസ്.പി. ആയി സേവനം അനുഷ്ഠിച്ചു. പോലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പലായും കെ.എ.പി. ബറ്റാലിയൻ കമാണ്ടന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2000 ആഗസ്റ്റ് മാസത്തിൽ ഡി.ഐ.ജി ആയി സ്ഥാനക്കയറ്റം ലഭിച്ചു. തുടർന്ന് ഡി.ഐ.ജി ട്രെയിനിങ്. ഡി.ഐ.ജി ക്രൈംബ്രാഞ്ച്, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്യൂരിറ്റി ആന്റ് വിജിലൻസ് ചീഫ് എന്നീ ചുമതലകൾ വഹിച്ചു.

ഐ.ജി ആയി പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ചീഫ് ഇൻവെസ്റ്റിഗേറ്റിങ് ഓഫീസറായി.

2011 ൽ എ.ഡി.ജി.പി ആയി പ്രമോഷൻ ലഭിച്ചതിനെ തുടർന്ന് ഉത്തര മേഖല എ.ഡി.ജി.പി, എ.ഡി.ജി.പി. ട്രെയിനിംഗ് എന്നീ പദവികളിൽ നിയോഗിക്കപ്പെട്ടു. തുടർന്ന് ഡി.ജി.പി. ആയി പ്രമോഷൻ ലഭിച്ചു. ഡി.ജി.പി. ട്രെയിനിങ്, ഡി.ജി.പി. അഡ്മിനിസ്ട്രേഷൻ (ഹെഡ്ക്വാർട്ടേഴ്സ്) എന്നീ ചുമതലകൾ വഹിച്ചു.

2006 മുതൽ 2008 വരെ സുഡാനിലെ ഐക്യരാഷ്ട്രസഭാ ദൗത്യസംഘത്തിൽ ഡെപ്യൂട്ടി പോലീസ് കമ്മീഷണറായും 2009 മുതൽ 2011 വരെ പോലീസ് കമ്മീഷണറായും സേവനം അനുഷ്ഠിച്ചു. സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ (2016) ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. ഭാര്യ അൻഷു ദിവാൻ. എയ്റോ

സ്പേയ്സ് എൻജിനീയറായ കൊനാൽ ദിവാൻ, ബിസിനസ് അഡ്മിനിസ്ട്രേഷൻ ബിരുദധാരിയായ ക്ഷിതിജ് ദിവാൻ എന്നിവർ മക്കളാണ്.

************

**ഫോട്ടാ ക്യാപ്ഷൻ**

**ഫോട്ടോ ഒന്ന്, രണ്ട്. : ഡി.ജി.പി രാജേഷ് ദിവാൻ ഫെയർവെൽ പരേഡിൽ സല്യൂട്ട് സ്വീകരിക്കുന്നു.**

**ഫോട്ടോ മൂന്ന്, നാല് : ഡി.ജി.പി രാജേഷ് ദിവാൻ ഫെയർവെൽ പരേഡ് പരിശോധിക്കുന്നു.**